# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1930

## 08.03.2018 ലെ മറുപടിക്ക്

**മണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗം**

| | ചോദ്യം<br>ശ്രീമതി. യു. പ്രതിഭ ഹരി | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറിയുടെ കെട്ടിടങ്ങൾ അടക്കമുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി മണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ;വിശദമാക്കാമോ; | സർക്കാർ ഉടമസ്ഥതയിൽ മൂലധനസ്വഭാവമുള്ള, ദീർഘകാലം നിലനിൽക്കുന്ന ആസ്തികളുടെ നിർമ്മാണമാണ് ആസ്തി വികസന പദ്ധതി വിഭാവനം ചെയ്യുന്നത്. പഞ്ചായത്ത് ലൈബ്രറികൾക്ക് ആസ്തി വികസന ഫണ്ടുപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി വരുന്നുണ്ട്. എന്നാൽ സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പല ലൈബ്രറികളുടെയും ഉടമസ്ഥാവകാശം അവ രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾക്കാണ്. അത്തരം ലൈബ്രറികളുടെ കെട്ടിട നിർമ്മാണത്തിന് ആസ്തി വികസന പദ്ധതിയിൽ നിന്നും ധനസഹായം അനുവദനീയമല്ല. ആയതിലേക്കായി മാനദണ്ഡങ്ങളിൽ ഇളവു വരുത്തുന്നത് നിലവിൽ പരിഗണനയിലില്ല. |
| (ബി) | എങ്കിൽ ഈ തടസ്സം നീക്കി മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും വായനശാലകൾക്ക് കെട്ടിടം നിർമ്മിക്കുവാൻ തുക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ